**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 205** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകാരി സാന്ത്വനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | നിരാലംബരും അശരണരുമായ സഹകാരികൾക്ക് ആശ്വാസമേകുന്നതിനായി സഹകാരി സാന്ത്വനം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | നിരാലംബരും അശരണരുമായ സഹകാരികളുടെ ചികിത്സാ സഹായത്തിനും ക്ഷേമത്തിനുമായി 'സഹകാരി സാന്ത്വനം' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളും ഉദ്ദേശലക്ഷ്യങ്ങളും വിശദമാക്കാമോ; | (ബി) | നിരാലംബരും അശരണരുമായ സഹകാരികളുടെ ചികിത്സാ സഹായത്തിനും ക്ഷേമത്തിനുമായി "അശരണരായ സഹകാരികൾക്ക് ആശ്വാസനിധി" എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സഹകരണ രംഗത്ത് പ്രത്യേകിച്ച് സർക്കിൾ (താലൂക്ക്)/ജില്ല/സംസ്ഥാന തലത്തിൽ ഏതിലെങ്കിലും സഹകരണ മേഖലയുടെ പുരോഗതിക്കു വേണ്ടി വളരെ കാലമായി പ്രവർത്തിച്ചവരോ, വളരെ കാലമായി പ്രവർത്തിക്കുകയും സഹകരണ മേഖലയുടെ സർവതോന്മുഖമായ പുരോഗതിക്കു വേണ്ടി പ്രയത്നിച്ചവരും, സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചക്കായി ജീവിതകാലം മുഴുവൻ പ്രയത്നിച്ചവരുമായ അശരണരായ സഹകാരികൾക്കായാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും, സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള സംഘത്തിന്റെ ഭരണസമിതിയിൽ രണ്ട് തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും, വാർഷിക വരുമാനം 3,00,000/- രൂപയിൽ (മൂന്ന് ലക്ഷം) താഴെയുള്ളവരുമായ സഹകാരികൾക്ക് അശരണരായ സഹകാരികൾക്ക് ആശ്വാസനിധി എന്ന പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. മേൽ പ്രകാരമുള്ള വിഭാഗത്തിൽപ്പെടുന്ന സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000/-(അൻപതിനായിരം രൂപ) രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ ആശ്രിതർക്ക് പരമാവധി 25,000/-(ഇരുപത്തി അയ്യായിരം രൂപ) രൂപയും ധനസഹായം ലഭിക്കുന്നതാണ്.<br><br>ടി പദ്ധതിപ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിക്കുന്ന ഗുണഭോക്താക്കൾ സഹകരണ മേഖലയിലെ അവരുടെ പ്രവർത്തന വൈകല്യം മൂലം ഒരുവിധ നടപടിയും നേരിടാത്തവർ ആയിരിക്കണം. |
| (സി) | പദ്ധതിയിലൂടെ ഇതിനകം എത്ര | (സി) | ടി പദ്ധതിയിലൂടെ ഇതിനകം 509 പേർക്ക് ധനസഹായമായി |

തുക ധനസഹായമായി നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ?

1,22,18,500 രൂപ (ഒരു കോടി ഇരുപത്തിരണ്ടു ലക്ഷത്തി പതിനെണ്ണായിരത്തി അഞ്ഞൂറു രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ധനസഹായം അനുവദിച്ച അപേക്ഷകരുടെ എണ്ണം | അനുവദിച്ച തുക (രൂപയിൽ) |
|---|---|---|
| 2010-2011 | 61 | 5,73,000 |
| 2011-2012 | 39 | 6,20,500 |
| 2012-2013 | 12 | 2,00,000 |
| 2013-2014 | 3 | 1,50,000 |
| 2014-2015 | 3 | 1,05,000 |
| 2015-2016 | 4 | 2,00,000 |
| 2022-2023 | 333 | 83,85,000 |
| 2023-2024 | 54 | 19,85,000 |
| **ആകെ** | **509** | **1,22,18,500** |

സെക്ഷൻ ഓഫീസർ